(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/2157/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം
ഇമെയിൽ - lfadtvm@yahoo.in
വെബ് - www.lfa.kerala.gov.in
ഫോൺ - 04712331231
തീയതി : 20.12.2016

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂവാർ ഗ്രാമപഞ്ചായത്ത്
സർ,

വിഷയം :പൂവാർ ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.1 /2157/2016 തീയതി: 20.12.2016

## തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20.11.2015 തീയതി മുതൽ 15.11.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധനാ വിധേയമാക്കി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : ശ്രീ എ. ജമാലുദ്ദീൻ,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : 16.11.2016 മുതൽ 22.11.2016വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഗോപകുമാർ ബി.<br>ശ്രീ. ജസ്റ്റിൻ രാജ് എഫ്. | ഓഡിറ്റ് ഓഫീസർ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ബിന്ദുലത ബി.പി.<br>ശ്രീ. ഷെർലൊക്ക് ഡാനി ഡി.എൻ. | സീനിയർഗ്രേഡ്ഓഡിറ്റർ<br>സീനിയർഗ്രേഡ്ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് :<br>സെക്രട്ടറി : | അഡ്വ. ആന്റോ മാർസലിൻ<br>ശ്രീമതി.എം.എസ്. അജിതകുമാരി.<br>ശ്രീ. ജയകുമാർ എസ്<br>ശ്രീ. പി. വിജയകുമാരൻ | 01/04/2015മുതൽ 30/10/2015വരെ<br>15/11/2015മുതൽ 31/03/2016വരെ<br>01/04/15മുതൽ 24/07/15വരെ<br>25/07/15മുതൽ 31/03/16വരെ |
| നിർവ്വഹണഉദ്യോസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ. മഹേഷ് റ്റി. | 01/04/2015 മുതൽ 31/03/2016 വരെ |

| | | |
|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ശ്രീദേവി | 01/04/15മുതൽ 31/03/16വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. പ്രീത റ്റി | 01/04/15മുതൽ 31/03/16വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി.ഗീത സി.എസ് | 01/04/15 മുതൽ 20/01/16 വരെ |
| | ശ്രീമതി. രത്ന ബിന്ദു | 21/01/16 മുതൽ 31/03/16 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ.ആശ | 01/04/15മുതൽ 14/10/15 വരെ |
| | ഡോ. സുനിത എസ് | 15/10/15 മുതൽ 31/03/16വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഷൈനി | 01/04/15മുതൽ 31/03/16വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി. ശോഭന .എസ് | 01/04/15മുതൽ 31/03/16വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സൗമ്യ .എസ് | 01/04/15മുതൽ 31/03/16വരെ |
| വെറ്റിനറി സർജൻ | ഡോ. സിനിൽ കുമാർ.ജി | 01/04/15മുതൽ 31/03/16വരെ |

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |

| | | | |
|---|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-1 | |
| 13 | സ്ഥാപന നികുതി ഈടാക്കിയിട്ടില്ല | 2-2 | |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-3 | |
| 15 | ഡി&ഒ ലൈസൻസ് ഈടാക്കയതിൽ കുറവ് | 2-4 | |
| 16 | തനതു നിക്ഷേപത്തിന് പലിശ ലഭിക്കുന്നില്ല | 2-5 | |
| | ഭാഗം 3 | | |
| 17 | കുടിവെള്ള പദ്ധതി - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല - തുക തടസ്സപ്പെടുത്തുന്നു | 3-1 | |
| 18 | ഗ്രാമപഞ്ചായത്ത് വാഹനം അറ്റകുറ്റപ്പണി ചെയ്തത് - പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു. | 3-2 | |
| 19 | ഗ്രാമപഞ്ചായത്ത് വാഹനം കാണാതായതു സംബന്ധിച്ച കേസ് നടത്തിയത് - 5000/- രൂപ ചെലവഴിച്ചു. | 3-3 | |
| 20 | ടാക്സി ചാർജ്ജുകൾ അനുവദിച്ചത് 3210/- രൂപ തുക തടസ്സപ്പെടുത്തുന്നു | 3-4 | |
| 21 | സമഗ്ര പച്ചക്കറി പദ്ധതി - നടപടി ക്രമങ്ങളിൽ അപാകതകൾ | 3-5 | |
| 22 | കൃഷി ഓഫീസ് കെട്ടിടം ജീർണ്ണിച്ച് അപകട നിലയിൽ | 3-6 | |
| 23 | പത്രപരസ്യം നൽകിയത് - 15% കിഴിവ് ലഭിച്ചിട്ടില്ല - തുക സെക്രട്ടറിയിൽ നിന്നും ഈടാക്കണം | 3-7 | |
| 24 | വാർധക്യകാല പെൻഷൻ വിതരണത്തിലെ അപാകതകൾ | 3-8 | |

| | | | |
|---|---|---|---|
| 25 | പ്രായ പരിധി കഴിഞ്ഞവർക്കും തൊഴിൽ രഹിത വേതനം നൽകി | 3-9 | |
| 26 | വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-10 | |
| | ഭാഗം 4 | | |
| 27 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തീയതി | തീരുമാനം II / 01.03.2016 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 11.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 1,32,87,004/-
വരവ് : 3,78,80,340/-
ആകെ : 5,11,67,344/-
ചെലവ് : 4,42,79,044/-
നീക്കിയിരിപ്പ് : 6,888,300/-

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3345066 | 2889177 | 5707399 | 11941642 | 11941642 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 2509087 | 4860280 | -2154087 | 5215280 | 5215280 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 31000 | - | 31000 | 31000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 306450 | 6218836 | - | 6525286 | 6525286 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 165255 | 2942324 | - | 3107579 | 3107579 | 0 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1621119 | 5916523 | -2283940 | 5253702 | 5253702 | 0 | 100 |
| എം.എൻ.ആർ.ഇ. ജി.എസ്. | 0 | 22918226 | - | 22918226 | 22913940 | 4286 | 100 |
| ബി ഫണ്ട് | 0 | 21241265 | - | 21241265 | 21241265 | 0 | 100 |
| കെ.എൽ.ജി. എസ്.ഡി.പി. | 1269372 | 766980 | -1269372 | 766980 | 766980 | 0 | 100 |
| തനത് ഫണ്ട് | 1931942 | 6587016 | - | 8518958 | 3322237 | 5196721 | 39 |
| ഐ.സി.ഡി.എസ്. | 128588 | 188963 | - | 317551 | 317551 | 0 | 100 |
| ശുചിത്വമിഷൻ | 262500 | 600000 | - | 862500 | 150000 | 712500 | 17 |

| | | | | | | | |
|---|---|---|---|---|---|---|---|
| സാക്ഷരത | 0 | 16820 | - | 16820 | 8410 | 8410 | 50 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 0 | 572500 | - | 572500 | 0 | 572500 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2136441 | 6118038 | - | 8254479 | 6569645 | 1684834 | 80 |
| ലിറ്ററസി മിഷൻ ഗ്രാന്റ് | 2272 | 78367 | - | 80639 | 78180 | 2459 | 97 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 126 | 37433643 | 107 | 32841469 | 4 | 20 | 84 |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3081619 | 3053678 | -27941 | - 1 % |
| നികുതിയേതര വരവുകൾ | 357203 | 463110 | 105907 | 30 % |
| മറ്റുവരവുകൾ | 335470 | 1186852 | 851382 | 254 % |
| ആകെ | 3774292 | 4703640 | 929348 | 24 % |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 502080 | 374 |
| കർഷകതൊഴിലാളി പെൻഷൻ | 5117460 | 603 |
| വിധവാപെൻഷൻ | 7117440 | 668 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 4875390 | 606 |
| വികലാംഗപെൻഷൻ | 3132495 | 280 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 300000 | 12 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 190400 | 18 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-11-2016 ന് 10.30AM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,783/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

വിവിധ ആവശ്യങ്ങൾക്കായി സംസ്ഥാന സർക്കാർ / സർക്കാർ ഏജൻസികൾ എന്നിവർ നൽകിയിട്ടുള്ള തുകകൾ ചെലവഴിക്കാതെ തനതു ഫണ്ടിനൊപ്പം സൂക്ഷിച്ചിരിക്കുന്നു. പ്രത്യേക ആവശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന ഗ്രാന്റുകൾ മാനദണ്ഡങ്ങൾക്കു വിധേയമായി ചെലവു ചെയ്ത് ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

നിർബന്ധിത പ്രോജക്ടുകളായ 'ആശ്രയ', 'ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്' എന്നിവ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടില്ല. തീരദേശ പ്രദേശമുൾപ്പെടുന്ന പഞ്ചായത്തിൽ അഗതികളും, അശരണരുമായ ഒട്ടനവധി ഗുണഭോക്താക്കൾ ഉണ്ടാകുമെന്നിരിക്കെ ആശ്രയ ഗുണഭോക്താക്കൾക്കായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാത്തത് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ഗുരുതര അലംഭാവവും, സാമൂഹിക പ്രതിബദ്ധതയില്ലായ്മയായും വിലയിരുത്തുന്നു. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി തൻവർഷം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 62,500/- രൂപയും വിനിയോഗിക്കാതെ തനതു ഫണ്ടിനൊപ്പം സൂക്ഷിച്ചിരിക്കുന്നു.

ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിന് 23.12.15ലെ ഡിഡി പ്രകാരം ഒരു ലക്ഷം രൂപ ഹോംകോ, ആലപ്പുഴയ്ക്ക് നൽകിയിരുന്നു. എന്നാൽ മരുന്നുകൾ ലഭ്യമാക്കിയത് 25.09.2016 ലെ ഇൻവോയ്സ് പ്രകാരമാണ്. മരുന്ന് ലഭിക്കുവാൻ 9 മാസത്തിലധികം താമസമുണ്ടായി. നിശ്ചിത സമയത്ത് മരുന്നു ലഭ്യമാക്കുന്നതിന് സ്ഥാപനവുമായി കരാർ വച്ചശേഷം മാത്രം മരുന്നിനായി മുൻകൂർ നൽകേണ്ടതാണ്.

പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങളുടെ ചെലവിലേക്കായി ഗ്രാമപഞ്ചായത്തുകളുടെ തനതുഫണ്ടിൽ നിന്നും പരമാവധി 10,000/- രൂപ ചെലവ് ചെയ്യുവാൻ വർഷാവർഷങ്ങളിൽ സർക്കാർ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇതിനായി പദ്ധതി തുകയാണ് വിനിയോഗിച്ചത്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30/09/2016 | 01.08.2016മുതൽ 31.08.2016 വരെ | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.03.2014 | 2008-09 മുതൽ 2012-13 വരെ | 05.06.2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 ബി പ്രകാരം 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി ഓരോ അർദ്ധവർഷത്തിലും ഒടുക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ട തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

ഒന്നാം അർദ്ധവർഷം

| ക്രമ നം. | പേര്, തസ്തിക സ്ഥാപനം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | നഷ്ടം |
|---|---|---|---|---|---|
| 1 | ഗീത സി.കെ.<br>എൽ.ഡി.സി,<br>ഗവ. എച്ച്.എസ്.എസ്.<br>പൂവാർ | 153060 | 1250 | 1000 | 250 |
| 2 | സ്റ്റീഫൻ പി<br>ഒ.എ.,ഗവ.എച്ച്.എസ്.എസ്,<br>പൂവാർ | 141756 | 1250 | 1000 | 250 |
| 3 | ലതകുമാരി എസ്,<br>ഒ.എ.,<br>ഗവ. എച്ച്.എസ്.എസ്.,<br>പൂവാർ | 155364 | 1250 | 1000 | 250 |
| ആകെ | | | | | 750 |

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക മേൽ സൂചിപ്പിച്ച ജീവനക്കാരിൽ നിന്നും ഈടാക്കിയെടുക്കാതെ പക്ഷം സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്.

## 2-2 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ബിസിനസ്സ് സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധവർഷവും സ്ഥാപനനികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ സ്ഥാപന തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ, താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2015-16 വർഷം അവയുടെ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | ഈടാക്കാവുന്ന പരമാവധി നികുതി |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ. പൂവാർ | I, II | 2500 |
| 2 | കെ.എസ്.ആർ.ടി.സി. പൂവാർ | I, II | 2500 |
| 3 | കേരള ഫിഷർമെൻ വെൽഫെയർ ബോർഡ് | I, II | 2500 |
| 4 | മാവേലി സ്റ്റോർ, പൂവാർ | I, II | 2500 |
| 5 | പെട്രോൾ ബങ്ക് | I, II | 2500 |
| 6 | മുത്തൂറ്റ് ഫിൻകോർപ്പ്, പൂവാർ | I, II | 2500 |
| 7 | മുത്തൂറ്റ് മെർക്കന്റയിൽ ലി. | I, II | 1250 |
| 8 | മുല്ലൂർ റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I, II | 1250 |
| 9 | കെ.എസ്.ഇ.ബി. പൂവാർ | I, II | 1250 |
| 10 | ടൂറിസ്സം ബോട്ട് ക്ലബുകൾ (15 എണ്ണം) | I, II | 15x2500 = 37,500 |
| ആകെ | | | 56,250/- |

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.4/2016 തീയതി 16.11.2016 ഉം, 11/16 തീയതി 19.11.2016 ഉം) എത്രയും വേഗം നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നാണ് മറുപടി നൽകിയത്. ആയത് നടപ്പിലാക്കാത്ത പക്ഷം സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരിൽ നിന്നും ഓരോ അർദ്ധവർഷവും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204 (1) പ്രകാരം ഗ്രാമപഞ്ചായത്തിന് അധികാരമുള്ളതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് ചട്ടം 13 അനുസരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ ഉള്ള സ്ഥാപനങ്ങളിലെ തൊഴിലുടമകളോട് ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പട്ടിക ആവശ്യപ്പെടാവുന്നതുമാണ്. എന്നാൽ 2015-16 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം/വ്യക്തി | അർദ്ധവർഷം |
|---|---|---|
| 1 | സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ് | I, II |
| 2 | ഐ.എൻ.ജി./കൊട്ടക് മഹീന്ദ്ര ബാങ്ക് | I, II |
| 3 | കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് | I, II |
| 4 | NRHM സ്കീമിലെ ഡോക്ടർമാർ | I, II |
| 5 | ഹോട്ടൽ ഗീത് ഇന്റർനാഷണൽ | I, II |

| | | |
|---|---|---|
| 6 | പൂവാറിലെ 15 ബോട്ട് ക്ലബുകളിലെ ജീവനക്കാർ | I, II |

മേൽ അപാകതയിന്മേലുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം. 2/16 തീയതി 16.11.2016ഉം, നം.11/16 തീയതി 19.11.16. ഉം) എത്രയും പെട്ടെന്ന് നികുതി പിരച്ചെടുത്തതിന് ശേഷം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നാണ് മറുപടി നൽകിയത്. ആയത് നടപ്പിലാക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്.

## 2-4 ഡി&ഒ ലൈസൻസ് ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിലെ ഡി&ഒ ലൈസൻസ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും അവ ഉപയോഗിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നിശ്ചിത ഫീസ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. (ചട്ടം 17) വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | നഷ്ടം |
|---|---|---|---|---|---|
| 1 | ജെംകോ ഐസ് പ്ലാന്റ്, പൂവാർ | 96 HP | 1000 | 400 | 600 |
| 2 | നോബിൾ ഐസ് പ്ലാന്റ്, പൂവാർ | 56 HP | 1000 | 400 | 600 |
| ആകെ നഷ്ടം | | | | | 1200 |

മേൽ അപാകതക്കുള്ള വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/2016 തീയതി 17.11.2016) ആയത് എത്രയും പെട്ടെന്ന് നോട്ടീസ് നൽകി പിരിച്ചെടുക്കുന്നതാണ് എന്നാണ് മറുപടി നൽകിയത്. ആയത് നടപ്പിലാക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്.

## 2-5 തനതു നിക്ഷേപത്തിന് പലിശ ലഭിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ തനതു വരുമാനം, പ്രത്യേക ആവശ്യങ്ങൾക്കായി സംസ്ഥാന സർക്കാർ, സർക്കാർ ഏജൻസികൾ എന്നിവയിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ എന്നിവയെല്ലാം ഗ്രാമപഞ്ചായത്തിന്റെ എസ്.ബി.റ്റി. പൂവാർ ശാഖയിലെ നം. 57048217100 എന്ന അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടിലെ 01.04.2015 ലെ നീക്കിയിരുപ്പ് 16,54,491/- രൂപയും, 31.03.2016- ലെ നീക്കിയിരുപ്പ് 43,93,805/- രൂപയുമാണ്. എന്നാൽ നിക്ഷേപങ്ങൾക്ക് 2015-16 കാലയളവിൽ ബാങ്ക് പലിശ നൽകിയിട്ടില്ല. പലിശ ലഭിച്ചിട്ടില്ലാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/21.11.16) മറുപടി ലഭ്യമാക്കിയില്ല.

തനതു നിക്ഷേപങ്ങൾക്ക് പലിശ, മുൻകാലങ്ങളിൽ ലഭിക്കുവാനുണ്ടെങ്കിൽ ആയതുൾപ്പെടെ ബാങ്കിൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ള പദ്ധതി - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല - തുക തടസ്സപ്പെടുത്തുന്നു

വികസന ഫണ്ടിൽ നിന്നും 10,80,000/- രൂപയും ധനകാര്യ കമ്മിഷൻ അവാർഡ് തുകയായ 6,41,000/- രൂപയും ചേർത്ത് ആകെ 17,21,000/- രൂപ അടങ്കലിൽ (നം.എസ്.059/16) കുടിവെള്ള പ്രോജക്ട് രൂപീകരിക്കുകയുണ്ടായി. എന്നാൽ പദ്ധതിക്ക് സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിലും ഈ സാമ്പത്തിക വർഷം പദ്ധതി പൂർത്തീകരിക്കുവാൻ കഴിയില്ലെന്ന് പഞ്ചായത്ത് കമ്മിറ്റിക്ക് ഉത്തമബോധ്യമുള്ളതിനാലും പ്രസ്തുത പ്രോജക്ട് ഭേദഗതി വരുത്താൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. (07.08.15 -ലെ I (1)-ാം നമ്പർ തീരുമാനം).

ഇതു പ്രകാരം KWA പൂവാർ പഞ്ചായത്തിലെ 7 വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന്

15,67,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പഞ്ചായത്ത് 15,67,000/- രൂപ വാട്ടർ അതോറിറ്റിക്ക് മുൻകൂർ ആയി നൽകുകയും ചെയ്തു. നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

1) ഡിഡി നം.737271 തീയതി 30.03.2016 - 1080000/- രൂപ

2) ഡിഡി നം. 737323 തീയതി 30.03.2016 - 487000/- രൂപ

ആകെ - 1567000/- രൂപ

## 3-2 ഗ്രാമപഞ്ചായത്ത് വാഹനം അറ്റകുറ്റപ്പണി ചെയ്തത് - പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു

സർക്കാർ ഉത്തരവ് നം.13/2012/പൊ.മ. തീയതി 01.12.2012 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 111 പ്രകാരം ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ വാഹനം പരിശോധിച്ച്, എസ്റ്റിമേറ്റും എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റും വാങ്ങി മാത്രമേ അറ്റകുറ്റപ്പണികൾ ചെയ്യാവൂ എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനുശേഷം ഇതിനുള്ള ബില്ലുകളും ടി ഉദ്യോഗസ്ഥൻ പിശോധിച്ച് അംഗീകാരം വൽകേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് വാഹനമായ KL 19 B 9962രജിസ്ട്രേഷൻ നമ്പർ ബൊലേറോ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്ക് ഈ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. ചെലവിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. / ബിൽ നം | ചെക്ക് നമ്പരും തീയതിയും | തുക |
|---|---|---|---|
| 1 | 21500772 | 666187/16.02.2016 | 8449 |
| 2 | ലഭ്യമല്ല (ബിൽ നം. 119) | 150917/04.05.2015 | 53372 |
| ആകെ തുക | | | 61821 |

ക്രമ നം. 2- ൽ പ്രതിപാദിച്ചിട്ടുള്ള തുകയിൽ തിരുവനന്തപുരം ജില്ലാ ഇലക്ഷൻ ഓഫീസറുടെ നിർദ്ദേശ പ്രകാരം (കത്ത് നം. ഇ1/149508/15 തീയതി 09.06.2015) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറെ കൊണ്ട് വാഹനം പരിശോധിപ്പിക്കുകയും, 4 ടയറുകളും മാറ്റാൻ ടിയാൻ റിപ്പോർട്ട് നൽകുകയും ചെയ്തു. എന്നാൽ വാഹനം ടി.വി.എസ് അയ്യങ്കാർ & സൺസ് ലിമിറ്റഡിൽ പ്രവേശിപ്പിച്ച് ടയറുകളുടെ വിലയടക്കം (6550.22x4) 53,372/- രൂപയ്ക്ക് അറ്റകുറ്റപ്പണി ചെയ്തിരിക്കുന്നു.

ഇതു കൂടാതെ മാറ്റിയിട്ട ലോഹഭാഗങ്ങൾ സ്ക്രാപ്പ് വിലയ്ക്ക് വിൽപന നടത്തി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുമില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/2015-16 തീയതി 19.11.2016) മറുപടി നൽകിയിട്ടില്ല. വാഹനത്തിൽ ഘടിപ്പിച്ചിരുന്ന നാലു ടയറുകളും എത്ര കി. മീ. ഓടിയതാണെന്ന വിവരവും ലഭ്യമാക്കിയിട്ടില്ല.

ആകയാൽ മേൽപ്രകാരം ചെലവഴിച്ച തുകയായ 61,821/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 ഗ്രാമപഞ്ചായത്ത് വാഹനം കാണാതായതു സംബന്ധിച്ച കേസ് നടത്തിയത് -തൻവർഷം തനതു ഫണ്ടിൽ നിന്നും 5000/- രൂപ ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL 19 B 9962 നമ്പർ ബൊലോറോ കാർ 24.07.2015 ന് ഡ്രൈവറിൽ നിന്നും താക്കോൽ പിടിച്ചു വാങ്ങി പ്രസിഡന്റ് പാലക്കാട് കൊണ്ടുപോയതായും തുടർന്ന് വാഹനത്തെ സംബന്ധിച്ച് യാതൊരു വിവരവുമില്ലാതിരുന്നതിനാൽ 19.09.2015 ൽ (57 ദിവസങ്ങൾക്കു ശേഷം) പൂവാർ പൊലീസിൽ പരാതി നൽകിയതനുസരിച്ച് ക്രൈം നം. 895/2015 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് ടി വാഹനത്തിന്റെ അംഗീകൃത സർവീസ് സെന്ററായ ടി.വി.എസ്. സുന്ദരം അയ്യങ്കാർ & സൺസ്, കരമന

എന്ന സ്ഥാപനത്തു നിന്നും പൂവാർ പൊലീസ് വാഹനം കണ്ടെടുത്ത് കോടതിയിൽ ഹാജരാക്കി 16.10.2015 ന് വാഹനം വിട്ടു നൽകുകയും ചെയ്തിരിക്കുന്നു. (മറ്റു വിവരങ്ങൾ 2014-15 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്).
ഈ കേസ് നടത്തിപ്പിനായി തൻവർഷം തനത് ഫണ്ടിൽ നിന്നും 5000/- രൂപ ചെലവഴിച്ചിരിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. / തീയതി | ചെക്ക് നമ്പർ/തീയതി | തുക |
|---|---|---|---|
| 1 | 21500459 / 19.10.2015 | 447013 / 19.10.2015 | 2000 |
| 2 | 21500781 / 17.02.2015 | 666196 / 17.02.2016 | 3000 |
| ആകെ | | | 5000 |

ഈ തുക പ്രസിഡന്റിൽ നിന്നും ഈടാക്കിയിട്ടില്ലായെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം. 25/2015-16) മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കേസ് കോടതിയുടെ പരിഗണനയിലായതിനാൽ കേസ് നടത്താൻ ചെലവഴിക്കുന്ന തുക കോടതി വിധിക്കു വിധേയമായി പ്രസിഡന്റിൽ നിന്നും ഈടാക്കി തനതു ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 3-4 ടാക്സി ചാർജ്ജുകൾ അനുവദിച്ചത് - 3210/- രൂപ തുക തടസ്സപ്പെടുത്തുന്നു

ടാക്സി ചാർജ്ജ് ഇനത്തിൽ താഴെപറയുന്ന പ്രകാരം 3,210/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ.

| ക്രമ നം. | വൗച്ചർ നം. | തുക | യാത്രയുടെ വിവരം | ക്രമക്കേടുകൾ |
|---|---|---|---|---|
| 1 | 21500427 | 930 | വോട്ടർ പട്ടിക എടുക്കാൻ തിരുവനന്തപുരത്ത് പോയത് | 1) ടാക്സി ചാർജ്ജ് അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൽ അപേക്ഷകന്റെ പേര്, ഒപ്പ്, ഉദ്യോഗപേര് എന്നിവ രേഖപ്പെടുത്തിയിട്ടില്ല<br>2) ട്രിപ്പ് ഷീറ്റിൽ വണ്ടി നം., പെർമിറ്റ് നം., ഉടമസ്ഥന്റെ പേര്, ഡ്രൈവറുടെ പേര്, ആകെ ഓടിയ ദൂരം, ലൈസൻസ് നം., ബാഡ്ജ് നം. എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | | |
| 2 | 21500428 | 600 | അന്തിമ വോട്ടർ പട്ടികയുടെ പകർപ്പുകൾ പൂവാർ വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, പാറശ്ശാല ബ്ലോക്ക് എന്നിവിടങ്ങളിൽ കൊണ്ടെത്തിച്ചതിന് | 1) ടാക്സി ചാർജ്ജ് അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൽ അപേക്ഷകന്റെ പേര്, ഒപ്പ്, ഉദ്യോഗപേര് എന്നിവ രേഖപ്പെടുത്തിയിട്ടില്ല<br>2) ട്രിപ്പ് ഷീറ്റിൽ വണ്ടി നം., പെർമിറ്റ് നം., ഉടമസ്ഥന്റെ പേര്, ഡ്രൈവറുടെ പേര്, ആകെ ഓടിയ ദൂരം, ലൈസൻസ് നം., ബാഡ്ജ് നം. എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| 3 | 21500437 | 1455 | | അപേക്ഷകന്റെ പേര്, ഒപ്പ്, ഉദ്യോഗപ്പേര് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല. |
| 4 | 21500468 | 225 | | അപേക്ഷകന്റെ പേര്, ഒപ്പ്, ഉദ്യോഗപ്പേര് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ട്രിപ്പ് ഷീറ്റിൽ ആകെ ഓടിയദൂരം, ഡ്രൈവറുടെ പേര്, ലൈസൻസ്, ബാഡ്ജ് നമ്പറുകൾ, പെർമിറ്റ് നം., ഉടമസ്ഥന്റെ പേര് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | | |
| ആകെ | | 3210 | | |

മേൽ യാത്രകൾക്ക് സെക്രട്ടറി അനുമതി നൽകിയ വിവരവും ലഭ്യമല്ല. മേൽപ്രകാരം ഹാജരാക്കിയിട്ടുള്ള ട്രിപ്പ് ഷീറ്റുകളിൽ 'paid by me' എന്ന് ശ്രീ. സുഹാസ് ലാൽ, ഹെഡ് ക്ലാർക്ക് എഴുതി ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട വിശദരേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച തുക 3210/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 സമഗ്ര പച്ചക്കറി പദ്ധതി - നടപടി ക്രമങ്ങളിൽ അപാകതകൾ

പദ്ധതി നം. -എസ് 0177/16

തിരുവനന്തപുരം ജില്ലയിൽ 300 ഹെക്ടർ സ്ഥലത്ത് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ജൈവ പച്ചക്കറി കൃഷി ആരംഭിച്ച് 5 വർഷത്തേക്ക് സമഗ്ര പദ്ധതിയായി തുടരുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജില്ലാപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവ കുടുംബശ്രീ ഗ്രൂപ്പുകൾ, അയൽക്കൂട്ടങ്ങൾ മുതലായവ വഴി നടപ്പിലാക്കിയതാണ് സമഗ്ര പച്ചക്കറി പദ്ധതി. ജൈവ പച്ചക്കറി വികസനം - ജൈവ സമൃദ്ധി എന്ന പേരിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ തന്നെ 25 കുടുംബശ്രീ ഗ്രൂപ്പുകളാണ് ഗുണഭോക്താക്കളായിരുന്നത്. ഇവർക്ക് ജൈവവളത്തിന് സബ്സിഡിയായ 3600/- രൂപ വച്ച് 90,000/- രൂപ കൃഷി ഓഫീസർ നൽകിയിട്ടുണ്ട്.

സ്ഥല പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ്വകാര്യ ഭൂമികളിലും, അംഗങ്ങളുടെ വീട്ടു വളപ്പിലുമാണ് കൃഷി ചെയ്തിരിക്കുന്നത്. കൃഷി സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് അതാത് കുടംബശ്രീകളിൽ നിന്നും വാങ്ങി കൃഷി ഓഫീസർ പരിശോധിച്ച് അംഗീകരിച്ചിട്ടില്ല.

2) കൃഷി സ്ഥലങ്ങളിൽ ആവശ്യമായ സൂചകങ്ങളോ, ബോർഡുകളോ (കുടംബശ്രീയുടെ പേര്, പദ്ധതി സംബന്ധിച്ച ലഘുവിവരങ്ങൾ എന്നിവ അടങ്ങിയത്) സ്ഥാപിച്ചിട്ടില്ല.

3) ജില്ലാപഞ്ചായത്ത് പുറത്തിറക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം സംഘാടക സമിതികൾ രൂപീകരിച്ച് ഏകോപനവും മോണിട്ടറിംഗും നിർവ്വഹിച്ചിട്ടില്ല.

4) കാർഷിക ഉത്പന്നങ്ങളുടെ വിപണനത്തിന് ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കുന്നില്ല.

ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ മേൽ അപാകതകൾ പരിഹരിയ്ക്കേണ്ടതും വിപണനത്തിന് ഗ്രാപഞ്ചായത്ത് തലത്തിൽ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 3-6 കൃഷി ഓഫീസ് കെട്ടിടം ജീർണ്ണിച്ച് അപകട നിലയിൽ

കൃഷി ഓഫീസ് കെട്ടിടം ജീർണ്ണിച്ച് അപകടാവസ്ഥയിൽ. കെട്ടിടത്തിന്റെ മുൻവശത്തെ തൂണുകളും ചുവരുകളും ദ്രവിച്ച് തകർന്നു വീഴാറായ അവസ്ഥയിലാണ്. കോൺക്രീറ്റ് മേൽക്കൂരയും ബലക്ഷയം കാരണം തകർന്നു വീഴാറായ സ്ഥിതിയിലാണ്.



ശ്രീ. നായിനാർ ദേവക്ഷേത്ര യോഗം പ്രതിഫലമില്ലാതെ നൽകിയ സ്ഥലത്ത് നിർമ്മിച്ച് 24.10.1996 ൽ ഉദ്ഘാടനം നടത്തിയതാണ് പൂവാർ കൃഷി ഭവൻ. കെട്ടിടത്തിന്റെ അപകടാവസ്ഥ കണ്ട് 12.08.2016 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനം VI(7) പ്രകാരം ഇതു SN ഗ്രന്ഥശാലയിലേക്ക് മാറ്റാൻ തീരമാനമെടുത്തിരുന്നുവെങ്കിലും നാളിതുവരെയും കാര്യാലയം മാറ്റിയിട്ടില്ല. അടിയന്തിരമായി തന്നെ ഈ തീരുമാനമെങ്കിലും നടപ്പിലാക്കേണ്ടതാണ്.



## 3-7 പത്രപരസ്യം നൽകിയത് - 15% കിഴിവ് ലഭിച്ചിട്ടില്ല - തുക സെക്രട്ടറിയിൽ നിന്നും ഈടാക്കണം

ഗ്രാമപഞ്ചായത്തിലെ 7, 8 വാർഡുകളിൽ RGPSA ഫണ്ട് വഴി നടപ്പിലാക്കുന്ന ഡ്രെയിനേജ് സംവിധാനം ഒരുക്കുന്നതിനും പ്ലാന്റിന്റെ നിർമ്മാണത്തിനുമായി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EoI) ക്ഷണിച്ചുകൊണ്ട് മലയാള മനോരമ, ദി ന്യൂ ഇൻഡ്യൻ എക്സ്പ്രസ് എന്നീ ദിനപത്രങ്ങളിൽ ഏജൻസി വഴി പരസ്യം ചെയ്തിരുന്നു. 02.06.2015 നാണ് പരസ്യങ്ങൾ നൽകിയിരിക്കുന്നത്. അതുപ്രകാരം എസ്റ്റിമേറ്റും പദ്ധതി വിവരങ്ങളും സ്വീകരിക്കുന്ന അവസാന തീയതി 30.06.2015 എന്നതായിരുന്നു പരസ്യത്തിൽ. ദിന്യൂ ഇൻഡ്യൻ എക്സ്പ്രസ് ദിനപ്പത്രത്തിൽ 17.06.2015 ൽ തന്നെ പരസ്യം പ്രസിദ്ധീകരിച്ചപ്പോൾ മലയാള മനോരമ ദിനപത്രത്തിൽ പരസ്യം പ്രസിദ്ധീകരിച്ചത് 30.06.2015 നായിരുന്നു. ആകയാൽ EoI സ്വീകരിക്കുന്ന തീയതി നീട്ടി വീണ്ടും പരസ്യം ചെയ്യുന്നതിനും തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ചെക്ക്നം./ തീയതി | തുക | ദിനപത്രം | പരസ്യം പ്രസിദ്ധീകരിച്ച തീയതി |
|---|---|---|---|---|---|
| 1 | ലഭ്യമല്ല (ബിൽ നം. 207/29.07.15) | 267436/29.7.10 | 10600 | മലയാള മനോരമ | 30.06.2015 |
| 2 | ലഭ്യമല്ല (ബിൽ നം. 207/29.07.15) | 267436/29.7.10 | 5035 | മലയാള മനോരമ | 03.07.2015 |
| 3 | 21500336 | 267450/22.8.15 | 21120 | ദി ന്യൂ ഇൻഡ്യൻ എക്സ്പ്രസ് | 17.06.2015 |
| 4 | 21500336 | 267450/22.8.15 | 10560 | ദി ന്യൂ ഇൻഡ്യൻ എക്സ്പ്രസ് | 03.07.2015 |

| | |
|---|---|
| ആകെ | 47315 |

വൗച്ചറുകൾക്കൊപ്പം സൂക്ഷിച്ചിട്ടുള്ള കാര്യാലയത്തിലെ കുറിപ്പ് ഫയലുകൾ പ്രകാരം രണ്ടാമത് പരസ്യം ചെയ്തിരിക്കുന്നത് സെക്രട്ടറിയുടെ അനുവാദമില്ലാതെയാണ്.

ഇതു കൂടാതെ ഉണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം. 01/2004/ഐ&പി.ആർ.ഡി. തീയതി 01.01.2004 പ്രകാരം വിൻഡോ പരസ്യങ്ങൾ മാത്രമേ പ്രസിദ്ധീകരിക്കാൻ പാടുള്ളൂ. എന്നാൽ ഇതു ലംഘിച്ചിരിക്കുന്നു.

2) സർക്കാർ ഉത്തരവ് (ദിന) നം. 01/2011/പി.&എ.ആർ.ഡി. തീയതി 04.01.2011 പ്രകാരം സർക്കാർ സ്ഥാപനത്തിൽ നിന്നും പത്രപരസ്യം ചെയ്യുമ്പോൾ 15% കിഴിവ് വാങ്ങണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ദി ന്യൂ ഇൻഡ്യൻ എക്സ് പ്രസ് ദിനപത്രത്തിന് നൽകിയ തുകയിൽ നിന്നും 4752/- രൂപ (31680x15/100) കിഴിച്ചിട്ടില്ല.

മേൽ പ്രസ്താവിച്ച അപാകതകളുടെ വെളിച്ചത്തിൽ രണ്ടാമത് പരസ്യം ചെയ്തതിന് പത്ര സ്ഥാപനങ്ങൾക്ക് നൽകിയ തുകയായ 15595/- (5035+10560) രൂപ നിരാകരിക്കുന്നു. ഈ തുക സെക്ഷൻ ക്ലർക്ക്, ഹെഡ് ക്ലർക്ക്, സെക്രട്ടറി, പഞ്ചായത്ത് പ്രസിഡന്റ് എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

ഇതു കൂടാതെ ദി ന്യൂ ഇൻഡ്യൻ എക്സ് പ്രസ് ദിനപത്രത്തിൽ പരസ്യം ചെയ്തതിന് അനുവദിച്ച തുകയിൽ നിന്നും കിഴിക്കാത്ത 15% തുകയായ 4752/- രൂപയും സെക്രട്ടറിയിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 3-8 വാർധക്യകാല പെൻഷൻ - വിതരണത്തിലെ അപാകത

സർക്കാർ ഉത്തരവ് (കൈയെഴുത്ത് )നം. 93/13 സാ.നീ.വ. തീയതി 04.11.2013 പ്രകാരം 60 വയസ്സ് പൂർത്തിയായ വ്യക്തികൾക്കാണ് പെൻഷന് അർഹത. എന്നാൽ ശ്രീ. രവി സുതൻ, ജി.ആർ. ഭവൻ, ശൂലംകുടി, പൂവാർ (പി.ഒ.) എന്ന വ്യക്തിക്ക് 60 വയസ്സ് പൂർത്തിയാകുന്നതിനു മുമ്പേതന്നെ പെൻഷൻ നൽകാൻ കലക്ടേറ്റിലെ ഡി.ബി.റ്റി. സെല്ലിലേക്ക് ശുപാർശ ചെയ്തിരിക്കുന്നു. ഇതു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.
ജനനതീയതി - 10.10.1956
അപേക്ഷാതീയതി - 12.10.2015
ക്ഷേമകാര്യ കമ്മിറ്റി തീരുമാന നം. - 1 / തീയതി 26.05.2016
പഞ്ചായത്തു കമ്മിറ്റി തീരുമാനം നം. - 5/ തീയതി 10.06.2016
പെൻഷൻ നൽകി തുടങ്ങേണ്ട തീയതി
(ഡി.ബി.റ്റി. സെല്ലിനു ശുപാർശ ചെയ്തത് - 1.11.15 മുതൽ
പെൻഷൻ നൽകാൻ ശുപാർശ ചെയ്ത ഉദ്യോഗസ്ഥ - ശ്രീമതി. പ്രീത, വി.ഇ.ഒ.

മേൽപ്രകാരം ടിയാന് 60 വയസ്സ് പൂർത്തിയാകുന്നതിനു 1 വർഷം മുമ്പേതന്നെ പെൻഷൻ നൽകി വരുന്നു. അധികമായി നൽകിയതുക 12,000/- രൂപ (1000*12) വരും വർഷങ്ങളിൽ അഡ്ജസ്റ്റ് ചെയ്യുകയോ, തുക അനുവദിക്കുവാൻ ശുപാർശ ചെയ്ത വി.ഇ.ഒ. യിൽ നിന്നും സെക്രട്ടറിയിൽ നിന്നും ഈടാക്കുകയോ ചെയ്ത് സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

ക്ഷേമപെൻഷനുകൾ അനുവദിക്കുന്നതിൽ പാലിക്കാത്ത നടപടിക്രമങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1) പെൻഷൻ പാസ്സാക്കുന്ന കമ്മിറ്റി തീരുമാന നമ്പറും തീയതിയും രേഖപ്പെടുത്തി അപേക്ഷകൾ അംഗീകരിച്ച് സെക്രട്ടറി ഒപ്പ് രേഖപ്പെടുത്തുന്നില്ല.

2) തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേര് വിവരം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും ഗ്രാമസഭയിൽ വെളിപ്പെടുത്തി അംഗങ്ങളുടെ അഭിപ്രായം കണക്കിലെടുക്കുകയും ചെയ്യുന്നില്ല.

3) പെൻഷൻ ലഭിക്കുന്ന വ്യക്തികൾ ജീവിച്ചിരിപ്പുണ്ടോ എന്നും മറ്റ് വരുമാന മാർഗ്ഗങ്ങൾ ലഭിക്കുന്നുണ്ടോ

എന്നുമുള്ള വിവരങ്ങൾ എല്ലാ ഏപ്രിൽ മാസങ്ങളിലും ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് മെയ് 15 ന മുമ്പ് ജില്ലാ കലക്ടർക്ക് അന്വേഷണ റിപ്പോർട്ട് കൈമാറുന്നില്ല.
4) വിധവകൾ പുനർവിവാഹിതരായിട്ടില്ലായെന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഓരോ വർഷവും വാങ്ങി സൂക്ഷിക്കുന്നില്ല.

ഇത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 27/205-16 തീയതി 22.11.2016) മറുപടി നൽകിയില്ല. ഭാവിയിൽ ക്ഷേമപെൻഷൻ അനുവദിക്കുമ്പോൾ മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-9 പ്രായപരിധി കഴിഞ്ഞവർക്കും തൊഴിൽ രഹിത വേതനം നൽകി

സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം. 23/98/തൊഴിൽ തീയതി 28.05.1998 പ്രകാരം പുറപ്പെടുവിച്ച തൊഴിൽ രഹിത വേതന ചട്ടങ്ങൾ പ്രകാരം 18 നം 35 നം മധ്യേ പ്രായമുള്ള തൊഴിൽ രഹിതരായ യുവതീയുവാക്കൾക്കാണ് തൊഴിൽ രഹിത വേതനത്തിന് അർഹതയുള്ളത്. എന്നാൽ ചുവടെ പറയുന്ന വ്യക്തികൾക്ക് മേൽ പ്രായപരിധി കഴിഞ്ഞും വേതനം നൽകിയിരിക്കുന്നു.

| റോൾ നം. | പേരും വിലാസവും | ജനന തീയതി | കാലാവധി അവസാനിക്കുന്ന മാസം | വേതനം നൽകിയിരിക്കുന്നത് | അധികമായി നൽകിയ തുക (രൂപ) |
|---|---|---|---|---|---|
| 819 | ശ്രീമതി. ഷീജ എം.ആർ, ധർമ്മപുരത്ത് വീട്, അരുമാനൂർ, പൂവാർ പി.ഒ. | 10.04.1981 | 4/16 | 7/16 വരെ | 360 |
| 864 | ശ്രീമതി. ബീനാ കുമാരി, കൊല്ലം വിളാകം, പൂവാർ പി.ഒ. | 01.06.1981 | 5/16 | 7/16 വരെ | 240 |
| 1217 | ശ്രീമതി. ഷീബ എസ്, എസ്.ആർ. നിവാസ്, തോട്ടത്തിൽ പൊട്ട, കഞ്ചാംപഴിഞ്ഞി | 20.05.1981 | 5/16 | 7/16 വരെ | 240 |
| ആകെ | | | | | 840/- രൂപ |

ഇത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/15-16 തീയതി 22.11.2016) ടിയാളുകൾക്ക് കത്തുകൾ അയച്ച് അധികമായി നൽകിയതുക തിരിച്ചു പിടിക്കുന്നതാണ് എന്ന് മറുപടി നൽകി. തുക 840/- രൂപ ഗുണഭോക്താക്കളിൽ നിന്നും തിരികെ ലഭിക്കാത്ത പക്ഷം സെക്രട്ടറിയിൽ നിന്നും ഈടാക്കി സർക്കാരിലേക്ക്

തിരികെ ഒടുക്കേണ്ടതാണ്.

## 3-10 വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) എല്ലാ വൗച്ചറുകളിലും നമ്പറും, ചെക്ക് നമ്പറും ചേർക്കുന്നില്ല.

2) ആർജ്ജിതാവധി സറണ്ടറിനുള്ള അപേക്ഷകൾ അംഗീകരിച്ച് സെക്രട്ടറി ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

3)ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ കണക്കാക്കിയ സ്റ്റേറ്റ്മെന്റ് ചേർത്തിട്ടില്ല. (ചെലാൻ നമ്പർ.454/06.04.2015 തുക 26,550/- രൂപ - 3/15)

4) സാധനങ്ങൾ വാങ്ങുന്നതിൽ VAT കാണിച്ചിട്ടില്ലാത്ത ബില്ലുകളാണ് വൗച്ചറുകളോടൊപ്പം ചേർത്തിരിക്കുന്നത്.

5) സാധനങ്ങൾ വാങ്ങുന്നത് സ്റ്റോക്കിലെടുത്ത വിവരം, നല്ല സാധനങ്ങൾ തന്നെ ലഭിച്ചു എന്നീ സാക്ഷ്യപത്രവും ബില്ലുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

6) ജീവനക്കാർക്ക് യാത്രാബത്ത നൽകുന്നതിൽ അവരവരുടെ ടൂർ ഡയറി വാങ്ങി സെക്രട്ടറി കൗണ്ടർ സൈൻ ചെയ്ത് സൂക്ഷിക്കുന്നില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി തുക |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 62500 | ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സഹായം | - | 62500 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.ഡബ്ല്യു.എ. | കുടിവെള്ള പദ്ധതി | 737323/30.3.16 | 1721000 | 1567000 | - | 154000 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ.(സാധാ) നം.831/10 / തസ്വഭവ തീയതി 11.03.2010 | 10990500 | 2281288 | 1396344 | | 884944 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,11,67,344/- (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,42,79,044/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1632031/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായതുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും, |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| |
|---|
| ഇല്ല |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെട്ടുത്തിയതുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1567000 | പി. വിജയകുമാരൻ, സെക്രട്ടറി, 07.12.2015 -ലെ പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത ഭരണസമിതി അംഗങ്ങൾ |
| 3-2 | 61821 | സെക്രട്ടറി |
| 3-4 | 3210 | സെക്രട്ടറി |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയകുമാർ എസ്, സെക്രട്ടറി | | തിരുവോണം ഹൗസ്, ശാന്തിപുരം, റസ്സൽപുരം പി.ഒ., ബാലരാമപുരം |
| പി. വിജയകുമാരൻ, സെക്രട്ടറി | | മണലി വീട്, ധനുവച്ചപുരം പി.ഒ., തിരുവനന്തപുരം |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1999-00 | എൽ.എഫ്.റ്റി.ഡി.ജി.പി.6(എ)/700/2001 തീയതി 17.07.2014 | 2 | |
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1527/2005 തീയതി 17.07.2014 | 3 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1494/2005 തീയതി 17.07.2014 | 6 | |

| | | | |
|---|---|---|---|
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1528/2005 തീയതി 17.07.2014 | 6 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1096/2006 തീയതി 17.07.2014 | 3 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1259/2008 തീയതി 17.07.2014 | 12 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1260/2008 തീയതി 17.07.2014 | 10 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1731/2010 തീയതി 17.07.2014 | 7 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1732/2010 തീയതി 17.07.2014 | 11 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.1/2170/2011 തീയതി 17.07.2014 | 13 | |
| 2009-2010 | എൽ.എഫ്.റ്റി.ഡി.ജി.പി.1/2171/2011 തീയതി 17.07.2014 | 14 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.1/2101/2012 തീയതി 05.02.2013 | | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1407/2013 തീയതി 15.01.2014 | | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1288/2014 തീയതി 29.09.2014/07.02.2015 | | |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.1/872/2015 തീയതി 22.07.2015 | | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.1/2133/2015 തീയതി 14.12.2015 | 30 | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം 1</u>

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതും ചുവടെ ചൂണ്ടിക്കാണിച്ചിരിക്കുന്ന ന്യൂനതകളും ഒഴികെ എന്റെ അഭിപ്രായത്തിൽ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ന്യൂനതകളുടെ സംഗ്രഹം

1) സ്ഥാപനത്തിന്റെ ആസ്തികളുടെ പൂർണ്ണ മൂല്യം വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.
2) വർഷാന്ത്യ സ്റ്റോക്ക് മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്